

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol.20 No.4-8 Newsletter August 2022



നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടു കൂടെയുണ്ട്;
ഭ്രമിച്ചുനോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ
നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ
നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും.
യെശ. 41:10



## Prayer Meeting: 8th April







## Protest Sunday : 24th April










# CHURCH VOICE

20th year of publication

AUGUST 2022



EDITORIAL BOARD

EDITOR

Mrs. Valsa D. S.

SUB EDITOR

Er. Ceragil Austin Prince

MEMBERS

Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A
Dr. Oliver Robertson G.
Dr. Thilaga Samson



ADDRESS

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com

PRINTED AT

GRACE PRINTERS
Muttada. Ph: 9447059891


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Mens' Fellowship | 10:45am |
| | Womens' Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00pm |
| | Christian Endeavour Youth Fellowship | 12:00pm |
| | Young Family Fellowship | 12:00pm |
| | Prayer | 01:30pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



# ധ്യാനപംക്തി



## റവ. എൽ.ഇ. സഹനം

"ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്; നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു" ലൂക്കൊ. 12:32.

പച്ചയായ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ യേശു തന്റെ ശിഷ്യർക്കു നൽകുന്നൊരു പ്രത്യാശയാണ് ഈ വാക്യം. ആഹാരവും വസ്ത്രവും മനുഷ്യ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത രണ്ടു വസ്തുക്കളാണ്. അവ നേടിയെടുക്കുന്നതിനുള്ള വ്യഗ്രതയിൽ, അവരിൽ കടന്നു കൂടുന്നൊരു വികാരമാണ് വിചാരപ്പെടുക അഥവാ ആകുലചിത്തരാകുകയെന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, "നാളെയുണ്ടാകാൻ സാധ്യതയുള്ള കാര്യങ്ങൾക്ക് ഇന്ന് നാം നൽകുന്ന പലിശയാണ്" ആകുല ചിന്ത. അതിലെ അർത്ഥ ശൂന്യതയെക്കുറിച്ച് തന്റെ സ്വതസിദ്ധമായ ശൈലിയിൽ പ്രകൃതിയിൽ നിന്നുള്ള ഉദാഹരണങ്ങളിലൂടെ (ആകാശത്തിലെ പറവകളെ ദൈവം എങ്ങനെ പോറ്റുന്നെന്നും വയലിലെ താമര എങ്ങനെ വളരുന്നെന്നും) അവരെ ഉത്ബോധിപ്പിച്ച ശേഷം അവരെ ഗ്രസിക്കുന്നതിനു സാധ്യതയുള്ള അല്പം കൂടെ തീഷ്ണതയുള്ള ഭയപ്പാടെന്ന മറ്റൊരു വികാരത്തെ പ്രതിരോധിക്കുന്നതിനു ധൈര്യം പകരുകയാണ് ഈ വാക്യത്തിലൂടെ യേശു ചെയ്യുന്നത്.

മൂന്നു വസ്തുതകൾ ഈ വാക്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ആദ്യത്തേത്, ചെറിയ ആട്ടിൻകൂട്ടമേ! എന്ന യേശുവിന്റെ സംബോധനയാണ്. തൊട്ടുമുമ്പുള്ള ഭാഗത്ത് (വാ. 13 മുതൽ) മനുഷ്യബന്ധങ്ങളിൽ സാധാരണയുണ്ടാകാറുള്ള ഒരു പ്രശ്നത്തെക്കുറിച്ച് (സഹോദരനുമായി വസ്തു പങ്കിടുന്ന വിഷയം) പുരുഷാരത്തിലൊരു

വൻ ഉന്നയിച്ച ചോദ്യത്തിനു മറുപടി പറഞ്ഞ ശേഷം ശിഷ്യന്മാരോടായിട്ടാണ് ഈ വിഷയം സംസാരിക്കുന്നത്. അവരിൽ ഒരു വിഭാഗത്തെയാണ് യേശു - ചെറിയ ആട്ടിൻ കൂട്ടമേ, എന്ന് വിളിക്കുന്നത്.

അറുക്കപ്പെട്ട കുഞ്ഞാട്, ആടുകൾ, വഴിതെറ്റിപ്പോയ ആട്, ആട്ടിൻപറ്റം ഇവയൊക്കെ വ്യത്യസ്ഥ പശ്ചാത്തലങ്ങളിൽ വേദപുസ്തകത്തിൽ കാണുന്ന പരാമർശങ്ങളാണ്. അവയ്ക്കൊക്കെ ആഴമായ വേദശാസ്ത്ര അർത്ഥ തലങ്ങളുമുണ്ട്. ആടുകളെക്കുറിച്ചും അവയുടെ പരിപാലനത്തെക്കുറിച്ചും വിശദമായി പരാമർശിക്കുന്നൊരു ഭാഗമാണ് യെഹെസ്ക്കേൽ 34-ാം അദ്ധ്യായം. ഇടയൻ ആടുകളോട് കാണിക്കുന്ന ക്രൂരത, അനീതി എന്നിവയുടെ വിശദീകരണവും അതിന് ഇടയനുള്ള ശിക്ഷാവിധിയുമാണ് ഇതിലെ ഇതിവൃത്തം. അവിടെ വിവരിക്കുന്ന ആടുകളുടെ അവസ്ഥ വളരെ ദയനീയമാണ്. ശരിയായി മേയിക്കപ്പെടാത്ത ആടുകൾ, ശക്തീകരിക്കപ്പെടാതെ ബലഹീനമായവ, ചികിത്സിക്കാതെ ദീനം പിടിച്ചവ, ഒടിഞ്ഞുപോയിട്ടും മുറിവ് കെട്ടപ്പെടാത്തവ, അന്വേഷിച്ചു ചെല്ലാതെ കാണാതെ പോയവ, ചിതറിപ്പോയിട്ടും അന്വേഷിച്ചു ചെല്ലാതെ നഷ്ടപ്പെട്ടു പോയവ, ഇങ്ങനെ പോകുന്നു ആ പട്ടിക.

ഈ പശ്ചാത്തലത്തിൽ ചെറിയ ആട്ടിൻകൂട്ടത്തിനു ധൈര്യവും പ്രത്യാശയും പകരുന്നതാണ് ഈ വാക്യത്തിലെ രണ്ടാമത്തെ വസ്തുത. യേശു അവരോട് പറയുന്നു : ഭയപ്പെടരുതെന്ന്. ചിന്താകുലരാകുന്നതിനെക്കാൾ കഠിനമായ മുറിപ്പെടുത്തലുകൾക്കിടയാക്കുന്നതാണ് ഭയപ്പാടിന്റെ അവസ്ഥ. വേദപുസ്തകത്തിൽ പലയാവർത്തി നൽകിയിട്ടുള്ളൊരു മുന്നറിയിപ്പാണിത്. ഏകദേശം 365 പ്രാവശ്യം ഈ പദമോ സമാനപദമോ ആവർത്തിച്ചിട്ടുണ്ട്. നീ ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട് (യെശ. 41:10) സെഖര്യാവേ ഭയപ്പെടേണ്ടാ (ലൂ. 1:13), മറിയയേ ഭയപ്പെടേണ്ട (ലൂ.1:30), ആട്ടിടയന്മാരോട് ദൂതൻ ഭയപ്പെടേണ്ടാ (ലൂക്കൊ.

2:10), യേശു കടലിൽ വച്ച് ശിഷ്യന്മാരോട് ഭയപ്പെടേണ്ടാ (മർക്കൊ. 6:48). ഇവ അവയിൽ ചിലതുമാത്രം. ഇത്തരുണത്തിൽ നമുക്കു പ്രസക്തമായൊരു ചോദ്യമുണ്ട്. ചെറിയ ആട്ടിൻകൂട്ടമാകുന്ന നാം ഇന്ന് ഭീതിയിലാണോ? യെഹെസ്ക്കേൽ പ്രവാചകൻ വിവരിക്കുന്ന ആടുകളുടെ അവസ്ഥയിലാണോ നാം?

മൂന്നാമത്തെ വസ്തുത ഈ വാക്യം നൽകുന്ന വാഗ്ദത്തമാണ്. പിതാവ് നിങ്ങൾക്ക് രാജ്യം നൽകുവാൻ പ്രസാദിച്ചിരിക്കുന്നു. മൂന്നു തരത്തിൽ ഈ ഭാഗത്തെ കാണുന്നവരുണ്ട്. ഒന്ന് : പഴയ നിയമത്തിലെ യിസ്രായേൽ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് ദൈവം അവർക്കു നൽകുന്ന വാഗ്ദത്തം : "പാലും തേനും ഒഴുകുന്ന ദേശം ഞാൻ നിങ്ങൾക്ക് അവകാശമാക്കും". രണ്ട്: യേശു ആവർത്തിച്ച് ഓർമ്മിപ്പിച്ച ദൈവരാജ്യം അവകാശമാക്കുന്ന അനുഭവം; നിങ്ങളുടെയിടയിൽ തന്നെയുള്ള ദൈവഭരണം നിലനില്ക്കുന്ന ദൈവരാജ്യം. മൂന്നാമത്തേത്: മരണാനന്തര അനുഭവമാകുന്ന ദൈവരാജ്യം അവകാശമാക്കുന്ന കാഴ്ചപ്പാട്. ഇവയ്ക്കെല്ലാം അതാതിന്റെ ചരിത്ര പശ്ചാത്തലമുണ്ട്. ഇന്നിന്റെ നമ്മുടെ ജീവിത അനുഭവമായി ചേർത്തു ചിന്തിക്കുമ്പോൾ യേശു അർത്ഥമാക്കുന്നത് തലമുറകളായി നാം ആരാധിച്ചുവന്ന നമ്മുടെ ദേവാലയം നമുക്കു തിരിച്ചു തരുന്നതിനു ദൈവം പ്രസാദിച്ചിരിക്കുന്നെന്ന് പ്രത്യാശിക്കുന്നതിൽ തെറ്റുണ്ടാവുകയില്ലല്ലോ? അതിനുള്ള സമയം സമാഗതമായി വരുന്നെന്ന് ചിന്തിക്കുന്നതിൽ അപാകതയുണ്ടാകയില്ലല്ലോ?

God's self-initiated love towards us in 4-dimensional: "Width, Length, Depth & Height" (1 Jn. 4:9,10,19; Eph 3:18).
Our Love in response should also be 4-d: "Heart" (emotional), "Soul" (Spiritual), "Mind" (Intellectual ) & "Strength'' (physical) (Mk. 12:30).
This love is proved only when we love others (1 Jn. 4:11,21).
We must sacrificially support those "In need" (3:16,17), Love "In deed" alone is love indeed! (V.18)



# REPORT OF ACTIVITIES:

Dear friends in Christ,

Greetings in the precious name of our Lord and Saviour Jesus Christ.

All praise and glory to Lord Almighty who is leading us during this toughest time in the history of CSI Mateer Memorial Church. The last issue of Church Voice was published in March 2022. The important events and incidents since then are reported below.

General Body meeting of our Church was conducted on 27th March 2022 at 10:30am. A prayer meeting was organised in the Church campus on Friday, 8th April 2022 from 7:00am to 1:30pm. More than 400 members of our Church prayerfully participated in the meeting.

Holy Week was observed from 10th to 17th April 2022. A procession holding palm leaves was organised at 8:15 am on Palm Sunday (10th April). Evening devotions were conducted from 11th to 13th April which were led by Rev. D. Jacob, Rev. Y. Vijayadas and Rev. Dr. R. Jayaraj. On Maundy Thursday (14th April), Rev. N. Aji delivered sermon in the Evening Worship Service. Many members of our Church took their first Holy Communion in the confirmation service organised on Maundy Thursday.

Morning worship service held on Good Friday (15th April) at 8:30 am was led by Rev. D. Jacob. Meditation on the 7 seven verses on the Cross commenced at 10:30am. Sermons were delivered by Dr. Linta Jayaraj, Mr. Edward John, Dr. Violet Rajam, Mr. Binil G. Edwin, Mrs. Girly Anslem, Adv. Sarjine Thomas and Er. Regina Jim.

Convention was conducted from 15th to 17th April at 6:30pm with Rev. Dr. P. P. Thomas (Vicar, Holy Trinity Marthoma Church, Medical College) as speaker. Songs were lead by our Church Choir.

All regular services were conducted on Easter Sunday (17th April). Rev. N. C. S. Prasad (KUTS Kannammoola) delivered sermon for 8:30am service. Infant baptism was conducted. Our Church Choir organised an Easter Concert at 8:00pm.

Against the decision of Diocese to convert MM Church into cathedral, we observed Protest Sunday on 24th April. A procession round the Church was organised after the 8:30am Malayalam service followed by an open air meeting at the cross platform. Majority of our Church members actively participated in the procession and the meeting.

On 23rd April 2022 (Saturday) evening, Bishop Secretary Rev. N. L. Praveen Raj contacted our Church Secretary over phone in the evening and informed that the transfer of presbyters is freezed until 31st of May 2022. He also informed that a commission lead by Retd. Judge will be appointed by CSITA for an enquiry on the complaint received against MM Church and no move will be taken by Diocese to convert MM Church into Cathedral until the enquiry is completed.

Shockingly on 29th April 2022, at around 6:30 am when the gates were opened for morning service, the Administrative secretary Mr. T. T.Praveen and Bishop Dharmaraj Rasalam, along with hundreds of goons broke open the back gate of our church using JCB and entered our church campus, broke the locks of our church doors, threatened our sextons, robbed our church office, looted all the money and destroyed our church records. More than 700 church members gathered in front of the church, but were prevented from entering the church campus by the police and they helplessly witnessed the unfair, unjustifiable act of the Diocesan authorities. The undue influence of the Administrative committee over police forced them to register a false case against the innocent MM church members who stood outside their own church till 4pm.

The Bishop and the Administrative secretary unlawfully declared the church as cathedral, which is against our faith and constitution. The very next day witnessed brutal torture by the Diocesan authorities inflicted on our sextons and on our church Choir secretary who was cunningly called to the church, beaten up and then a false case was lodged against all of them at the museum police station.

From 8th May, the Congregation of M. M. Church started worshipping our Lord at Salvation Army Johnson Hall and more than 750 members regularly attend the service. The youth of our church, under the leadership of Mr. Peter Chellaiah took initiative to start 'online telecast' of the worship service. All the sub - organisations meet at Johnson hall after the service, organize events and also plan and execute programs according to the year plan. Vacation Bible School was conducted for our children from 14th to 19th May at YMCA hall, under the spiritual guidance of Sri. K. M. Philip and nearly 150 children were blessed by the VBS classes.

The 184th Church Day was celebrated on 15th May and our chief guest Rev. Justin Jose delivered a divine message. Holy Communion and love feast were conducted.

Online prayer meeting is organised everyday at 8:00pm from Monday to Saturday. Gospel band house visit is held every Wednesday at 5:00pm. Circle Prayers were conducted every Friday at 6:30pm.

MM Church members actively participated in the bike rally and protest rallies organised on 29th May and 31st July against the illegal actions of Bishop and Diocesan Administrative committee.

For the purpose of management of accounts & legal actions, a charitable society named Mateer Memorial Church Congregational Fellowship (MMCCF) was registered.

Let's continue our prayers for regaining the possession of our church campus.

**Adv. Sarjine Thomas**

# REACHING OUT TO UNREACHED URBAN PEOPLE



**Dr. Christenson E. Sarasam**

'Reaching and winning the Urbanites' is indeed a challenge of the modern times.

*"Now as He (Jesus) drew near, He saw the city and wept over it, (Luke 19:41).*

Cities are growing with sporadic population explosion and each city represents an inescapable missionary frontier. The early Church of the New Testament times began to spread from cities to cities of the Roman Empire and progressed as an urban movement. But, in course of time, especially since the Reformation of the 16th century and throughout the succeeding centuries, the emphasis focused on village evangelism: covering the rustic rural folk, tribal belts, socially deprived, the powerless and the voiceless. Missionary movements also followed suit. No doubt, the needs of the 'village ministry' arena should be met. But not at the cost of urban ministry which is tough with challenging encounters. Urbanites consist of bureaucrats, administrators, politicians, professionals, corporate executives, educational experts, business tycoons, employees, skilled laborers, artists, scientists, media personnel and such others in special fields of activity who form the mission field for the City churches.

The mission and evangelism initiatives of the 21st century City churches are most often directed to villages and the nearest urban areas in and around are easily forgotten and left out. If at all some work is done within the city, it is all too nominal. This is a serious concern which calls for our earnest introspection and urgent action. For

convenience, even prominent evangelistic minded City Churches in urban settings are still focusing their attention on the rural people in the peripheries. For the past several centuries, even pioneering Christian ministries are targeting rural areas since the task of gospel communication to the rural folks seems comparatively easy. But, the challenges of urban evangelism are indeed tough and wanting. It requires added divine impartation from above. We have to be fully convinced about our faith and know the reason for our faith. While fostering personal intimacy with Christ, our lives should communicate our faith in word and in deed to those around. Doctrines, statements and arguments will not suffice. Urban people are generally studied, knowledgeable, affluent, influential, potential and do not agree to anything presented to them, if not fully convincing. They constantly verify our life in terms of our professed faith and practical ways of life. As members of the urban community, we are duty bound to summarily own and address this demanding challenge to reach out to the urban population.

Contrary to village life, cities are adorned with high infrastructure, IT centers, shopping malls, educational institutions, Government offices, public establishments, multi- specialty hospitals, advanced transport facilities etc. These in-built services in urban areas draw large numbers of people to mushroom in cities where life gallops at a fleeting pace. Most people in cities lead a busy life with an unmatched hectic schedule. The rat race to maintain livelihood is remarkably visible and is writ large on the urbanite faces. However, the Church is organically very slow in reaching out to the elite among the urban people. Therefore, Mission and evangelism in the urban context is on the cross roads today. In this background, as urban Christians, we have a high calling and responsibility to the immediate circle in our living environment and in our workplace where the prevalent culture is both secular and pluralistic.

Amidst compelling temporal preoccupations and complex lifestyle of the urban population, their devotion to the divine is found to be dwindling and declining. The core issue is that many people without hope lead unhappy lives and no guidance is imparted to them towards eternal direction and destiny. Given the fact that city Churches in general are conditioned with a comfortable monthly income, they are callously satisfied in just shepherding the flock on their rolls. The compelling need for gospel outreach among the urban folks belonging to other faiths and religions are easily side lined and forgotten. Their normal agenda does not cover this initiative of urban evangelization since it is a costly commitment. This complacent attitude of the City churches calls for serious introspection.

*Jesus said: "There are other sheep which belong to me that are not in this sheepfold. I must bring them, too; they will listen to my voice, and they will become one flock with one shepherd" (John 10:16).*

Generally, Church membership grows in city Churches by constant migration from rural parishes. People from other faiths embracing faith in Christ can happen only if they are told of the uniqueness of Christ. The message has to be delivered through personal evangelism of the faithful Christians. We keep our salvation to ourselves without sharing. People from non-Christian faith backgrounds, having found salvation in Christ, getting baptized, joining a local Church is unheard of nowadays. Membership by migration in city churches is a popular trend solely aimed at capitalizing the facilities available in city congregations. It is true that we in the prevalent Church have failed to set a role model for others to follow. We do not possess Christ-like qualities for non-Christians to look up to. Divine grace, mercy, kindness, and the passion of Christ are seldom transmitted in our lives. Our words and deeds are miles apart. We wish to be enshrined within the four

walls of our household and the Church. Our friendship and interaction with non-Christians are just name-sake. When occasion warrants, as far as possible, we wish to keep mum on questionable matters of our faith and practice. We let our lives flow with the present current trends and do not try to swim across the current. Urban communities have great respect for Christ of the Bible, but they fail to find expressions of Christian values in the lives of the followers of Christ. Our inappropriate life testimony is the primary stumbling block. Our life has lost its appeal. Urbanites can be won for Christ only by the practical demonstration of Christ-likeness in our lives. Let us humbly turn to our Lord Jesus Christ to capture this vision of our mission in life.

---



# പ്രതിവാര ധ്യാനം

**ആഗസ്റ്റ് 7**

വിഷയം: **ദൗത്യ നിർവ്വഹണം എല്ലായിടത്തുനിന്നും എല്ലായിടത്തേക്കും**

1 രാജാ. 17:1-16, സങ്കീ. 107:1-15, ഗലാ. 2:1-10, മത്താ. 13:47-52

**ആഗസ്റ്റ് 14**

വിഷയം: **സ്നാപനം, ഉയരത്തിൽ നിന്നുള്ള പിറവി**

ഉല്. 8:1-14, സങ്കീ. 25, കൊലൊ. 3:1-11, യോഹ. 3:1-8

**ആഗസ്റ്റ് 21**

വിഷയം: **വിശുദ്ധ സംസർഗ്ഗം എന്ന കൂദാശ**

പുറ. 12:1-14, സങ്കീ. 42, 1 കൊരി. 10:14-22, ലൂക്കൊ. 22:7-20

**ആഗസ്റ്റ് 28**

വിഷയം: **ദൈവവും വിശ്വാസങ്ങളിലെ ജനവും**

ആമോ. 9:1-12, സങ്കീ. 66, റോമർ. 2:17-29, യോഹ. 10:14-18

# ദൈവപ്രവർത്തിക്കായ് കാത്തിരിക്കാം



എസ്.ആർ. ചന്ദ്രിക ജയദാസ്

ശ്രീയേശുനാഥാ! ത്രീയേകനാഥാ!
നീയാണെൻ ദൈവം നീയാണെൻ സർവ്വവും
കാരുണ്യനാഥാ, എൻ രക്ഷയാം ദൈവമേ-
ഞങ്ങൾക്കു രക്ഷകൻ മറ്റാരുമില്ലിഹെ (ശ്രീയേശു)

കാൽവരിക്കുന്നിൽ നീയാഗമായ് ഞങ്ങൾക്കായ്
ഇന്നും നീ ഞങ്ങൾക്കായ് ജീവിക്കും ദൈവമായ്
കാരുണ്യവാരിധേ നിൻ രക്ഷവേണമീ-
ഞങ്ങൾക്കീ ഭൂമിയിൽ ജീവിതം ചെയ്തിടാൻ (ശ്രീയേശു)

ഈ ലോകം ഞങ്ങളിൽ നീതികാണുന്നില്ല
കർത്താവിൽ ഞങ്ങൾക്കു നീതി തന്നുണ്ടല്ലേ,
ഞങ്ങൾ തൻ ആഗ്രഹം അറിയുന്ന കർത്താവേ-
യേശുവേ! രക്ഷകാ! താണുവന്നീടണേ (ശ്രീയേശു)

നീ തന്നെ ഞങ്ങളെ നയിക്കേണം പ്രിയനേ
ഞങ്ങൾ തൻ പ്രവൃത്തികൾ നിന്നിഷ്ടമാകണം
നിന്നിഷ്ടമല്ലാതെ മറ്റൊന്നും വേണ്ടിഹെ-
നിന്നാൻ അസാദ്ധ്യമായ് ഒന്നുമേ ഇല്ലല്ലോ? (ശ്രീയേശു)

സഭയിൽ വിശ്വാസികൾ പുറത്താണിന്നെങ്കിലും
അസാദ്ധ്യമായൊന്നും കർത്താവിനില്ലല്ലോ
"ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടുണ്ട്
നിന്നെ സഹായിക്കും നിന്നെ സംരക്ഷിക്കും" (ശ്രീയേശു)

"കൈവിടുകില്ല ഉപേക്ഷിക്കയുമില്ല"
എന്നുരചെയ്തവൻ നമ്മോടിന്നല്ലയോ?
കർത്താവിൻ സ്നേഹം വെളിപ്പെട്ടുവന്നിടും
ദൈവമഹത്വം വെളിപ്പെട്ടുവന്നിടും. (ശ്രീയേശു)

# Holy Week 2022










മൂന്നാറിൽ നടന്ന വൈദികരുടെ റിട്രീറ്റിൽ പങ്കെടുത്തതിനെ തുടർന്ന് കോവിഡ് ബാധിച്ച് മരണപ്പെട്ട ഇവാ. ബിനോകുമാർ സുവിശേഷകരുടെ കുടുംബത്തിന് MM Church SCF നിർമ്മിച്ച് നൽകിയ ഭവനം





## 29th April 2022

## Devilish acts organised by Bishop and SKD leadership



# ഫലമില്ലാത്ത അത്തിവൃക്ഷം



**എൽ.ജെ. പത്മകുമാർ**

വി.മർക്കൊസ് എഴുതിയ സുവിശേഷം 11-ാം അദ്ധ്യായം 12 മുതൽ 14 വരെയുള്ള വാക്യങ്ങളിലും വി.മത്തായി എഴുതിയ സുവിശേഷം 21-ാം അദ്ധ്യായത്തിലും ഫലമില്ലാത്ത അത്തിവൃക്ഷത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

അത്തിമരം സമൃദ്ധിയുടെയും സമ്പന്നതയുടെയും പ്രതീകമാണ്. സുവിശേഷങ്ങളിൽ അത്തിവൃക്ഷം യിസ്രായേലിനെ പ്രതിനിധീകരിക്കുന്നു. പരോക്ഷമായി പറഞ്ഞാൽ യഹൂദാജനത്തെ പ്രതിനിധീകരിക്കുന്നു. യഹൂദാജനം കർത്താവായ യേശുവിനെ മിശിഹയായി അംഗീകരിച്ചിട്ടില്ലായിരുന്നു. ഇപ്പോഴും ഈ അവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല എന്ന് നമുക്ക് അറിയാമല്ലോ.

പഴയനിമയത്തിലെ 1 രാജാക്കന്മാർ 25-ാം അദ്ധ്യായത്തിൽ അത്തിവൃക്ഷത്തെ ദേശീയസമ്പത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമായി സൂചിപ്പിക്കുന്നു. യിരെമ്യാവ് 8:13 ൽ *"ഞാൻ അവരെ സംഹരിച്ചുകളയുമെന്ന് യഹോവയുടെ അരുളപ്പാട്; മുന്തിരിവള്ളിയിൽ മുന്തിരിപ്പഴം ഉണ്ടാകയില്ല; അത്തിവൃക്ഷത്തിൽ അത്തിപ്പഴവും ഉണ്ടാകയില്ല; ഇലയും വാടിപ്പോകും"* എന്ന് എഴുതിയിരിക്കുന്നു. ഹോശേയ 9:10-ൽ *"മരുഭൂമിയിൽ മുന്തിരിപ്പഴം പോലെ ഞാൻ യിസ്രായേലിനെ കണ്ടെത്തി; അത്തിവൃക്ഷത്തിൽ ആദ്യം ഉണ്ടായ തലക്കനിപോലെ ഞാൻ നിങ്ങളുടെ പിതാക്കന്മാരെ കണ്ടു"* എന്നും എഴുതിയിരിക്കുന്നു. ഇതിൽ നിന്നും അത്തിവൃക്ഷം പോലെയാണ് യഹോവ യിസ്രായേലിനെയും പൂർവ്വപിതാക്കന്മാരെയും കണ്ടിരുന്നു എന്നുള്ള സൂചന ലഭിക്കുന്നു.

ബെഥാന്യയിൽ നിന്നുവരുമ്പോൾ യേശുവിനു വിശന്നു. ധാരാളം ഇലകൾ ഉള്ള ഒരു അത്തിവൃക്ഷം അകലെ വച്ചു തന്നെ യേശു കണ്ടു. അത്തിപ്പഴം കഴിച്ച് വിശപ്പടക്കാം എന്ന പ്രതീക്ഷയോടുകൂടി അതിനടുത്തെത്തിയപ്പോൾ അതിൽ വെറും ഇലകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു അത്തിപ്പഴം പോലും അതിൽ ഇല്ലായിരുന്നു. അതിനു കാരണം അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു. എന്നിട്ടും ഇനി

ആരും നിന്നിൽ നിന്ന് ഫലം തിന്നാതിരിക്കട്ടെ എന്നുപറഞ്ഞു. യേശു അത്തിവൃക്ഷത്തെ ശപിച്ചു. അത്തിവൃക്ഷം വേരോടെ ഉണങ്ങിപ്പോകുകയും ചെയ്തു.

ഇതിൽ നിന്നും, എന്ത് കാര്യം നമുക്ക് മനസ്സിലാകും? അത്തിമരവും അതിന്റെ ഫലവുമൊന്നുമല്ല ഇവിടുത്തെ വിഷയം. അത്തിമരവും ഫലവും എന്തിനെ സൂചിപ്പിക്കുന്നു എന്നതിനാണ് നാം ഊന്നൽ നൽകേണ്ടത്. യഹോവ അത്തിവൃക്ഷത്തിനോടാണ് യിസ്രായേലിനെയും പൂർവ്വപിതാക്കന്മാരേയും ഉപമിച്ചിരിക്കുന്നത്.

അവിടെ നിന്ന്, യേശു നേരെ എത്തിയത് യെരുശലേം ദേവാലയത്തിലാണ്. വളരെ പ്രതീക്ഷയോടുകൂടിയാണ് യേശു ദേവാലയത്തിന്റെ ഉള്ളിലേക്ക് കടന്നത്. ദേവാലയം തന്റെ പിതാവായ ദൈവത്തിന്റെ ആവാസകേന്ദ്രമാണെന്നുള്ള വിശ്വാസത്തോടുകൂടെയാണ് ആലയത്തിനുള്ളിൽ യേശു പ്രവേശിച്ചത്. അതുകൊണ്ട് ആലയത്തിനുള്ളിൽ ദൈവത്തിന് ഇഷ്ടമുള്ള കാര്യങ്ങളായിരിക്കും നടക്കുക എന്ന പ്രതീക്ഷ യേശുവിനുണ്ടായിരുന്നു. എന്നാൽ തന്റെ പ്രതീക്ഷ അസ്ഥാനത്തായി. ദേവാലയം ഒരു വ്യാപാരകേന്ദ്രമായി മാറിയിരുന്നു. ദേവാലയത്തിലിരുന്ന് വിൽക്കുന്നവരെയും വാങ്ങുന്നവരെയും യേശു പുറത്താക്കിത്തുടങ്ങി. പൊൻവാണിഭക്കാരുടെ മേശകളെയും പ്രാക്കളെ വിൽക്കുന്നവരുടെ പീഠങ്ങളെയും മറിച്ചിട്ടുകളഞ്ഞു. ആലയത്തിനുള്ളിൽ കൂടി യാതൊരുവസ്തുവിനേയും കൊണ്ടുപോകുവാൻ അനുവദിച്ചില്ല. ദേവാലയത്തിനുള്ളിൽ അലക്ഷ്യമായി ഓടി നടന്നവരേയും വ്യാപാരകാര്യങ്ങളിൽ വ്യാപൃതരായിരുന്നവരേയും യേശു ശകാരിച്ചു. *“എന്റെ ആലയം സകലജാതികളുടേയും പ്രാർത്ഥനാലയം എന്നുവിളിക്കപ്പെടും; നിങ്ങളോ അതിനെ കള്ളൻമാരുടെ ഗുഹയാക്കിത്തീർത്തു എന്നുപറഞ്ഞു”*

തന്റെ ഭൗതികമായ വിശപ്പു ശമിപ്പിക്കുന്നതിനായി അത്തിവൃക്ഷത്തിൽ ഫലം തിരഞ്ഞതുപോലെ തന്റെ ആത്മീയമായ വിശപ്പു ശമിപ്പിക്കുന്നതിനായി ആലയത്തിനുള്ളിൽ ആത്മീയകാര്യങ്ങളും ദൈവീകപ്രവർത്തികളും നടക്കുന്നുണ്ടോ എന്നു യേശു തിരഞ്ഞു. ദൈവത്തിന് ഇഷ്ടമുള്ള പ്രവർത്തികളൊന്നും തന്നെ കണ്ടെത്തുവാൻ യേശുവിനു കഴിഞ്ഞില്ല. ഈ ആലയത്തിൽ നിന്നോ യഹൂദാമതത്തിൽ നിന്നോ പുരോഹിതന്മാരിൽ നിന്നോ യഹൂദാപ്രമാണികളിൽ നിന്നോ ഉന്നതരായ വ്യക്തികളിൽ നിന്നോ ഒരു ഫലവും ലഭിക്കുന്നതായി കണ്ടില്ല.

ചുരുക്കിപ്പറഞ്ഞാൽ അവർ ചെയ്യേണ്ട കാര്യങ്ങൾ ഒന്നുംതന്നെ ചെയ്യുന്നില്ല, കല്പനകൾ അനുസരിക്കുന്നുമില്ല. അതുകൊണ്ടുതന്നെ ദൈവം ആഗ്രഹിക്കുന്നതരത്തിലുള്ള ഫലം പുറപ്പെടുവിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നില്ല.

അവർ ദൈവഭയം ഇല്ലാത്തവരായിരുന്നു. കടുത്ത ധനലാഭം ആഗ്രഹിക്കുന്നവരായിരുന്നു. എവിടെ ആൾക്കാർ കൂടി വരുന്നുവോ അവിടെ കച്ചവടം നടത്തി ലാഭം കൊയ്യുക എന്നതുമാത്രമായിരുന്നു അവരുടെ ആഗ്രഹം. നേർച്ച വസ്തുക്കൾക്ക് അമിതവില ഈടാക്കുന്നത് അവരുടെ പതിവായിരുന്നു. അനേകർ വളരെ ദൂരെ നിന്നാണ് യെരുശലേം ദേവാലയത്തിൽ വന്നിരുന്നത്. കാള, ആട്, പ്രാവ് എന്നീ നേർച്ചവസ്തുക്കൾ അകലെ നിന്നും കൊണ്ടുവരുന്നത് വളരെ ക്ലേശം നിറഞ്ഞതും ചെലവേറിയതുമായിരുന്നു. എന്നാൽ അവയൊക്കെ ആലയത്തിനുള്ളിൽ ലഭ്യമായിരുന്നു. പക്ഷേ അവയ്ക്ക് അമിതവില ഈടാക്കുകയും അവരെ പല രീതിയിലും ചൂഷണം ചെയ്യുകയും ചെയ്തുപോന്നു. ഈ രീതിയിലുള്ള ചൂഷണം പല ദേവാലയങ്ങളിലും ആഘോഷസമയങ്ങളിൽ ഇന്നും കണ്ടുവരുന്നുണ്ട്.

*'എന്റെ ആലയം സകലജാതികൾക്കും പ്രാർത്ഥനാലയം എന്നുവിളിക്കപ്പെടും'* എന്ന, തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. എന്നാൽ യെരുശലേം ദേവാലയത്തിനുള്ളിൽ പ്രാർത്ഥനയ്ക്ക് യാതൊരുപ്രാധാന്യവും ഉള്ളതായി യേശുവിനു കാണാൻ കഴിഞ്ഞില്ല. സാധാരണ നാം പ്രാർത്ഥിക്കുന്നത് നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയാണല്ലോ. ദരിദ്രർ, രോഗികൾ, വിജാതീയർ എന്നിവർ മാറത്തടിച്ച് പ്രാർത്ഥനയ്ക്ക് നിൽക്കുന്ന സ്ഥലത്താണ് കച്ചവടം നടന്നിരുന്നത്. പരീശന്മാർ, പുരോഹിതന്മാർ, ശാസ്ത്രിമാർ, സദൂക്യർ, യെഹൂദപ്രമാണിമാർ എന്നിവർക്ക് സാമ്പത്തികമായോ മറ്റുരീതിയിലോ ഉള്ള ബുദ്ധിമുട്ടുകളൊന്നും ഇല്ലായിരുന്നു. അതുകൊണ്ട് അവർ പ്രാർത്ഥനയ്ക്കു ലേശവും പ്രാധാന്യം കല്പിച്ചിരുന്നില്ല. അതിനുപകരം മറ്റുള്ളവരെ ചൂഷണം ചെയ്ത് തങ്ങളുടെ കീശ വീർപ്പിക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ.

യെരുശലേം ദേവാലയമാണ് ഇവിടെ അത്തിമരം. ദേവാലയത്തിൽ നിന്നോ അത്തിമരത്തിൽ നിന്നോ യേശു ആഗ്രഹിച്ച ഫലം ലഭിച്ചില്ല. ഫലം ഇല്ലാത്ത അത്തിയെ ശപിച്ചപ്പോൾ അത് വേരോടെ

ഉണങ്ങിപ്പോയതായി നാം കണുന്നു. അതുപോലെ തന്നെ മർക്കോസ് 13:1, 2 വാക്യങ്ങളിൽ യെരുശലേം ദേവാലയത്തിലെ കല്ലുകളെക്കുറിച്ചും അതിന്റെ മനോഹാരിതയെക്കുറിച്ചും ശിഷ്യന്മാരിൽ ഒരുവൻ അവനോടു പറഞ്ഞു. അതിനുമറുപടിയായി യേശു അവനോട് : *"നീ ഈ വലിയ പണി കാണുന്നുവോ? ഇടിക്കാതെ കല്ലിൻമേൽ കല്ല് ഇവിടെ ശേഷിക്കയില്ല"* എന്നുപറഞ്ഞു. യഹോവ ആവസിക്കുന്ന ഇടമായ ദേവാലയത്തിൽ നിന്ന് ദൈവം ഉദ്ദേശിച്ച ഫലം ലഭിക്കാത്തതുകൊണ്ട് ഈ ദേവാലയം നശിപ്പിക്കപ്പെടും എന്നാണ് ഇതുകൊണ്ട് കർത്താവ് ഉദ്ദേശിച്ചത്. അത് അങ്ങനെതന്നെ സംഭവിച്ചതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. യേശുവിന് ആത്മീയാഹാരം ആലയത്തിൽ നിന്ന് ലഭിച്ചില്ല.

അത്തിവൃക്ഷം മുഴുവൻ ഇലകളാൽ അലംകൃതമാണ്. ഫലമില്ലാതാനും. അതുപോലെ മനുഷ്യന്റെ ശരീരത്തിലെ ആഡംബരങ്ങൾ, അലങ്കാരങ്ങൾ, പുറംമോടികൾ എന്നിവ യേശു ആഗ്രഹിക്കുന്നില്ല. ദൈവം ആഗ്രഹിച്ച ഫലം പുറപ്പെടുവിക്കാത്തതുകൊണ്ട് കർത്താവു അത്തിയെ ശപിച്ചു. അതുപോലെ ആഗ്രഹിച്ച ആത്മീയ മന്ന ലഭിക്കാത്തതുകൊണ്ട് യേശു ആലയത്തേയും ശപിച്ചു.

ഇല കൊണ്ട് മനുഷ്യരെ പറ്റിക്കാം. എന്നാൽ ദൈവത്തെപറ്റിക്കാൻ സാധിക്കില്ല. ദൂരെ നിന്നുനോക്കുമ്പോൾ നാം ഓരോരുത്തരും ഇലകൾ കൊണ്ടു നിറഞ്ഞ മനോഹരമായ വൃക്ഷങ്ങൾ, എന്നാൽ പ്രതീക്ഷയോടെ അടുത്തുവരുമ്പോൾ ഒരു ഫലവുമില്ല. നാം ഓരോരുത്തരും ദൈവത്തിന്റെ ആലയങ്ങളാണ്. ആഡംബരങ്ങളോ പുറംമോടികളോ ഉള്ള ജീവിതശൈലി അല്ല ദൈവം ആഗ്രഹിക്കുന്നത്. നാം ഓരോരുത്തരും ആത്മീയ ആഹാരത്തിനു വിശക്കുന്നവരായി ഫലം കായ്ക്കുന്ന മക്കളായി ജീവിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

അത്തിപ്പഴത്തിന്റെ കാലമല്ലാതിരുന്നിട്ടുകൂടി യേശു ആ അത്തിമരത്തെ ശപിച്ചു. ഇതിൽ നിന്നും നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. സാഹചര്യങ്ങൾ അനുകൂലമോ പ്രതികൂലമോ എന്തുതന്നെ ആയിരുന്നാലും ദൈവത്തിലാശ്രയിച്ചുകൊണ്ട് നാം സദാ മറ്റുള്ളവർക്കു ഉതകും വണ്ണം ഫലം കായ്ച്ചുകൊണ്ടിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. അത്തരത്തിലൊരു ജീവിതം നയിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. ആമേൻ.

*"അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്ന് നിങ്ങൾ അറിയുന്നുവല്ലോ"*
*(മത്തായി 24:32)*

# എൽ.എം.എസ്സ്. കോമ്പൗണ്ടിന്റെ ഉടമസ്ഥത ആർക്ക്?



**വി. ജസ്റ്റിൻ**

17 ഏക്കർ ഉൾക്കൊള്ളുന്ന ഇന്നത്തെ എൽ.എം.എസ്സ്. കോമ്പൗണ്ട്, 1866-ൽ റവ. സാമുവൽ മെറ്റീർ വിലയാധാരം നടത്തി വാങ്ങിയത് എൽ.എം.എസ്സിന്റെ അന്നത്തെ തിരുവനന്തപുരം സഭാജനങ്ങളുടെ ഉപയോഗത്തിനുവേണ്ടി മാത്രമാണ്. തിരുവനന്തപുരം സഭ ഉപയോഗിച്ചു വന്ന കന്റോണ്മെന്റിലെ ചെറിയ ആരാധനാലയത്തിനു പകരം ഈ മിഷൻ കോമ്പൗണ്ടിൽ വിശാലമായ നല്ലൊരു ആരാധനാലയം പണിയാൻ മെറ്റീർ ആഗ്രഹിച്ചു എങ്കിലും അത് പെട്ടെന്ന് സാധ്യമായില്ല. അനാരോഗ്യം കാരണമായി 1891-ൽ മെറ്റീർ ഇംഗ്ലണ്ടിലേക്ക് മടങ്ങുകയും രണ്ട് വർഷം കഴിഞ്ഞ് അന്തരിക്കുകയും ചെയ്തു. ഇതിനിടെ ഇംഗ്ലണ്ടിലെ ഒരു ധനിക ബിസിനസ്സുകാരന്റെ മകനായ ഹരോൾഡ് റ്റെമ്പിൾ വിൽസ് Lay Missionary ആയി 1892-ൽ തിരുവനന്തപുരത്ത് എത്തി. അദ്ദേഹം സ്വന്തം സമ്പത്തുപയോഗിച്ച് മിഷൻ ആവശ്യത്തിന് എൽ.എം.എസ്സ്. കോമ്പൗണ്ടിൽ പണിത ബംഗ്ലാവാണ് ദക്ഷിണ കേരള മഹായിടവക ബിഷപ്പ് തന്റെ ഓഫീസും വസതിയുമായി ഉപയോഗിച്ചു വരുന്നത്. 32 മുറികളോടെ വിൽസ് ഹോസ്റ്റൽ പണിതതും എച്ച്.റ്റി.വിൽസ് ആണ്. 1900-ൽ ആർതർ പാർക്കർ തിരുവനന്തപുരത്ത് മിഷണറിയായി എത്തിയപ്പോൾ, ഇന്നത്തെ കന്യാകുമാരി ജില്ലയിൽ നിന്നും കണ്ട്രാക്റ്റർമാരായും ഉന്നത സർക്കാർ ഉദ്യോഗസ്ഥരായും മറ്റും ഇവിടെ സ്ഥിരതാമസമാക്കിയിരുന്ന നല്ല വിദ്യാഭ്യാസമുള്ളവർ ട്രിവാൻഡ്രം ചർച്ചിന്റെ അംഗങ്ങളായി ഉണ്ടായിരുന്നു. പ്രശസ്ത റവ. സാമുവൽ മെറ്റീർ മിഷണറിയുടെ സ്മരണയ്ക്ക് പുതിയ പള്ളി കെട്ടിടം പണിയാൻ അവർ മുന്നിട്ടിറങ്ങുകയും, അഞ്ച് വർഷത്തിനകം പണി പൂർത്തിയാക്കുകയും ചെയ്തു. പള്ളിക്കകത്തുള്ള സാമഗ്രികളും ആദ്യത്തെ മണിയും സഭാജനങ്ങൾ നിർമ്മിച്ചോ വാങ്ങി നൽകുകയോ ചെയ്ത്, എല്ലാം ഉൾപ്പെടെ 1906-ൽ മെറ്റീർ മെമ്മോറിയൽ പള്ളി ദൈവാരാധനയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടു.

എന്നാൽ 2022 ഏപ്രിൾ 29 ന് അതിരാവിലെ ബിഷപ്പിന്റെയും അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ ഒരു പറ്റം ഗുണ്ടകൾ ജെ.സി.ബി. ഉപയോഗിച്ച് പുറകിലെ ഗേറ്റ് തകർക്കുകയും പള്ളി വാതിലിന്റെ പൂട്ട് പൊട്ടിച്ച് ആക്രമിച്ച് കയറി സഭയെ പിടിച്ചെടുക്കുകയും ചെയ്തു. ചർച്ച് ഓഫീസ് അതിക്രമിച്ച് തകർക്കുകയും, ബാങ്കിൽ അടയ്ക്കാനുള്ള സഭാജനങ്ങളുടെ 20 ലക്ഷത്തോളം രൂപയും, ചരിത്രപരമായ വളരെ പഴയ രേഖകളും, സഭാംഗത്വ രജിസ്റ്ററുകളും, ആദ്യകാല കമ്മ്യൂണിയൻ പാത്രങ്ങളും കൊള്ളയടിച്ച് കൊണ്ടുപോകുകയും ചെയ്ത ക്രിമിനൽ സംഘമാണ് ഡയോസിസ് ഇപ്പോൾ ഭരിക്കുന്നത്.

സി.എസ്.ഐ.റ്റി.എ.യുടെ സഭാവസ്തുക്കൾ അതത് സഭയിലെ ജനങ്ങളാണ് നിയമപരമായി കൈവശം വയ്ക്കുകയും ഗുണഭോക്താക്കളാകുകയും ചെയ്യുന്നത്. അതിൻ പ്രകാരം എൽ.എം.എസ്സ്. കോമ്പൗണ്ടിന്റെ മൊത്തം 17 ഏക്കറിന്റെയും അവകാശം അന്നത്തെ ട്രിവാൻട്രം ചർച്ചായിരുന്ന മെറ്റീർ മെമ്മോറിയൽ ചർച്ചിനാണ്. എം.എം.ചർച്ച് സഭാജനങ്ങളുടെ വിശാല മനസ്കതയും ദക്ഷിണ കേരള മഹായിടവക ആദ്യ ബിഷപ്പായ റവ. ലെഗ്ഗിനോടുള്ള ആദരവും കാരണമായാണ് പള്ളിക്കു പുറകിൽ ഡയോസിസൻ ഓഫീസ് പണിയാൻ എല്ലാ സഹായവും ചെയ്തത്. സി.എസ്.ഐ. സിനഡിന്റെ തന്നെ ആദ്യ സെക്രട്ടറി എം.എം.ചർച്ചിലെ അംഗമായ ശ്രീ.എ. ഗുണമണി ആയിരുന്നു. ബിഷപ്പ് ലെഗ്ഗിന് എല്ലാ സഹായവും നൽകിയതും അദ്ദേഹമായിരുന്നു. അക്കാലത്ത് എം.എം. ചർച്ച് തന്നെയാണ് മഹായിടവകയ്ക്ക് പിച്ചവെച്ച് തുടങ്ങാനുള്ള നേതൃത്വവും സാമ്പത്തിക സഹായവും ചെയ്തു വന്നത്. ഇന്നും ദക്ഷിണ കേരള മഹായിടവകയുടെ വിശ്വാസസമൂഹം ദൈവവിശ്വാസത്തിലും സഹോദര സ്നേഹത്തിലും സമാധാനത്തോടെ ജീവിക്കാൻ താല്പര്യപ്പെടുന്നവരാണ്. നമുക്ക് നഷ്ടപ്പെട്ട ആ സമാധാനവും, സ്നേഹവും, കൂട്ടായ്മയും തിരികെ ലഭിക്കാൻ ക്രിസ്തുയേശുവിലുള്ള സഹ വിശ്വാസികളേ, നമുക്ക് പ്രാർത്ഥനയോടെ കഠിനപ്രയത്നം ചെയ്യാം!

# The Call of Hunger - So Dear



**Chanthini Christhu Das**

The parched fields yelled for justice,
The starving lion wandered growling,
For the humble prey; shivering with fear
The glistening claws of the vulture,
Threatens us-the poor, innocent and weak.

Mother stammers as she chases the hungry child,
He, with and empty stomach cajoles her,
And then, the food he sees; it's smell so dear,
Crouching on the ground, the poor boy
Gulps the food, the call of Hunger so overwhelming!

With eyes overflowing the Mother is praising,
Oh My Lord, You're Always My Lord forever.

**CONGRATULATIONS**

By God's grace, **Dr. Angela J.** has secured admission for MS ENT in Government Medical College, Thiruvananthapuram through state merit. (FamilyNo 1581). She is the daughter of Late. Ajith Das and Mrs. Jaya Prameela J. L.



BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Book of Micah chapter 5 to 7, Book of Nahum, Book of Habakkuk and Book of Zephaniah chapter 1. Kindly, read these chapters before attempting the quiz. It is often difficult to see the hand of God in a fallen world, yet even when all outward evidence points to the contrary, the church is called to trust in the Lord. This trust is based not on what we see but on who God is-the God who will "in wrath remember mercy" (Hab. 3:2).

Please read the questions and the portion more carefully and understand the context. The submitted answers might be accepted based on the difficulty of the question and reference, so everyone is encouraged to go through the answers being published (which is the format in which the answers are expected to be submitted), even though your name might be in the list. Some respondents are sending me whole verse instead of the answer (maybe hoping that the quizmaster will find the answer from the verse) which is not acceptable, because you are expected to read through the portion and find out the answers yourself. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before August 28th through email at churchvoicequiz@gmail.com

***Kindly write your name and time with date of submission on all correspondence. When sending answers as attachments in email, add the details inside the attachment itself. Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.***

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz You can also scan the QR code to go to the link.*

1. Whose shepherds slumber?
2. The Lord's people will feed in which places as in days long ago?
3. Who is described as small among the clans of Judah?
4. Against whom is an attacker advancing?
5. What does the Lord require of us after showing us what is good?
6. The horses of the Babylonians are swifter than what?
7. Who cares for those who trust in him?
8. "The fig tree does not bud and there are no grapes on the vines, though the olive crop fails and the fields produce no food, though there are no sheep in the pen and no cattle in the stalls". What will the prophet do in such a situation?
9. Who said "I will station myself on the ramparts"?
10. What will the Lord do to those who are complacent, who think, "The Lord will do nothing, either good or bad"?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

*The correct answers to the quiz from Amos 9, Obadiah, Jonah and Micah 1 to 4*

1. 3 Days (Jon. 3:3)
2. Samaria (Mic. 1:5)
3. Edom (Ob. 1:4)
4. The serpent (Amos 9:3)
5. Joppa (Jon. 1:3)
6. Micah (Mic. 3:8)
7. More than a hundred and twenty thousand people (Jon. 4:11)
8. Jerusalem (Mic. 4:2)
9. Jonah (Jon. 2:9)
10. Upright (Mic. 2:7)

List of people who submitted the right answers (along with the reference)

1. Latha Job
2. Helen Saramma E. H.
3. Shireen Evangeline Ross
4. Chandra John
5. Sujana Satish
6. Meehal Godwin
7. Premila Janelet Sylam
8. Lalitha Jacob
9. Archana S. P.
10. Grace Ammal V.
11. Sheela Joseph J. G.
12. Binil Winfred
13. Reeba Binil
14. Rajesh John Ross
15. Girly Rajesh John
16. Mahil Ajith
17. Anitha Kingsley
18. Mershika John J.

List of people who submitted the answers but got one wrong

1. Dora Johnson
2. Nesakumari Davidson
3. Soben S. L.
4. Reuben S. L.
5. Anie Reuben

Additional names of those who submitted the right answers in the last edition

1. Binil Winfred

---

## ചർച്ച്വോയിസ് ബൈബിൾ ക്വിസ്സ് മലയാളം പരിഭാഷ

ആഗസ്റ്റ് 2022 മീഖാ5-7, നഹൂം, ഹബക്കൂക്ക്, സെഫന്യാവ് 1

എല്ലാമാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനു ശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. ആരുടെ ഇടയന്മാരാണ് ഉറങ്ങുന്നത്?
2. യഹോവയുടെ ജനമായ ആട്ടിൻ കൂട്ടം പുരാതനകാലത്തു എന്ന പോലെ എവിടെ മേയും?
3. യെഹൂദാ സഹസ്രങ്ങളിൽ ചെറുത് എന്ന് വിശേഷിപ്പിക്കുന്നത് ആരെ?
4. സംഹാരകൻ ആർക്കെതിരെയാണ് കയറിവരുന്നത്?
5. നല്ലതു എന്തെന്നു കാണിച്ച് തന്നതിനു ശേഷം യഹോവ എന്താണ് നമ്മോടു ചോദിക്കുന്നത്?
6. കൽദയരുടെ കുതിരകൾ എന്തിനെക്കാൾ വേഗതയുള്ളവയാണ്?
7. തങ്കൽ ആശ്രയിക്കുന്നവരെ അറിയുന്നത് ആര്?
8. “അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെപ്രയത്നം നിഷ്ഫലമായ് പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്നു നശിച്ചു പോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല”, ഈ സാഹചര്യത്തിൽ പ്രവാചകൻ എന്തു ചെയ്യും?
9. “ഞാൻ കൊത്തളത്തിൽ നിന്നു” എന്നു പറഞ്ഞതാര്?
10. “യഹോവ ഗുണമോ ദോഷമോ ചെയ്കയില്ല” എന്നുഹൃദയത്തിൽ പറയുന്ന പുരുഷൻമാരെ യഹോവ എന്തുചെയ്യും?

| Sl No | Family No | Name |
|---|---|---|
| 1 | 653 | Mrs.Vijaya Alexander<br>GV 17,TC 3/323,Green Valley,Muttada,<br>Trivandrum 695025<br>Died on:- 29-03-2022  |
| 2 | 759 | Mr.Sasidharan<br>Near TC 19/627,South Road, MudavanMugal,<br>Poojapura P.O<br>Died on:- 23-04-2022 |
| 3 | 145 | Mrs.Achamma Timothy<br>Thengum Tharayil Veedu,MRA B190,<br>Periyamadom,<br>Lane,Kallampally,Sreekaryam,TVM 17<br>Died on:- 24-04-2022  |
| 4 | 1292 | Dr.Ravindran Joseph N<br>Pearl Vil,TC 12/531, MRA 99,Mulavana,<br>Trivandrum 695035<br>Died on:- 29-04-2022  |
| 5 | 1376 | Mr.Anil Kumar<br>OVRA E89,TC 14/1128,Alinkantam<br>Veedu,Lenin Nagar, Trivandrum 695014<br>Died on:- 04-05-2022 |
| 6 | 1067 | Mrs.Susan Edward<br>Revathi,UG 39,Ulloor Gardens,Ulloor,Medical<br>College,<br>Trivandrum 695011<br>Died on:- 29-05-2022  |
| 7 | 1147 | Mrs.Rajamma C<br>Amma Bhavan,TC 14/1072-1,Lenin Nagar<br>Died on:- 02-06-2022  |

| Sl No | Family No | Name |
|---|---|---|
| 8 | 1551 | Mrs.Sheela<br>Sheela Bhavan,KRA<br>36,Parottukonam,Nalanchira P.O., Trivandrum<br>695015<br>Died on:- 03-06-2022  |
| 9 | 1425 | Rev.Moses Israel<br>Yesubhavan,HNo-A 72, Kanaka Nagar,<br>Trivandrum 695003<br>Died on:- 23-06-2022  |
| 10 | 839 | Mr.Jabamony G<br>Cherith,TC 12/208-4,PRA 40B,Green<br>Lane,Plamoodu, Trivandrum 695004<br>Died on:- 25-06-2022  |
| 11 | 1125 | Mrs.Lalitha Swarnam J<br>TC 11/364,DBRA 65C,Devasom Board<br>Jn.,Kowdiar P.O., Trivandrum 695003<br>Died on:- 26-06-2022  |
| 12 | 2288 | Mrs.Chellamma R<br>TC 14/1618,A49,Rajeev Nagar,Lenin Nagar<br>Died on:- 06-07-2022  |
| 13 | 1049 | Mr.Mohan Sundar Raj<br>Vasantha Vilasom,NBRA 91,TC 11/1861-<br>3,Mullasseri Lane, YMR Jn., Tvm 695003<br>Died on:- 17-07-2022  |
| 14 | 1131 | Mr.Mohana Chandran S<br>Sharon House,HsNo-307,Rohini<br>Compound,Pattom, Trivandrum 695004<br>Died on:- 17-07-2022  |


The word of God is a lamp to my feet and light to my path" Ps. 119:105
CSI MATEER MEMORIAL CHURCH
Trivandrum
ANNUAL GOSPEL CONVENTION
2022
Speaker
Er. Thomas Alexander
Deputy Chief Engineer (Rtd.) KSEB Limited
23rd to 25th September 2022
The Salvation Army Johnson Hall
Kowdiar, Trivandrum

# 1st Death Anniversary

*In Ever Loving Memory of*



## Mrs. Getrude Danam

Retd. Administrative Assistant of Health Service
(Christava Nivas, Valiasala, TVM)

*at the age of 94 on 5th April 2021*

*By children, grandchildren and great grandchildren*
*We shall meet on the beautiful shore*

## Worship @ Salvation Army Hall





## Church Day May 15, 2022

